**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിലെ പുരാതനമായ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 225 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മാവേലിക്കര ഗവ. എൽ.പി.എസിന്റെ നവീകരണത്തിനും പുതിയ ബഹുനില മന്ദിരത്തിന്റെ നിർമ്മാണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | 225 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മാവേലിക്കര ഗവ. എൽ.പി.എസിന്റെ നവീകരണത്തിനും പുതിയ ബഹുനില മന്ദിര നിർമ്മാണത്തിനും നിലവിൽ തുക അനുവദിച്ചിട്ടില്ല. |
| (ബി) | 217 വർഷത്തിലധികം പഴക്കമുള്ള മാവേലിക്കര ഗവ. വൊക്കേഷണൽ & ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ പുതിയ ബഹുനില മന്ദിര നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. Sub Project Revision ന് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്കൂളുകൾ പൈതൃകസ്മാരകപട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനേയും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസിനേയും പൈതൃക സ്കൂൾ സംരക്ഷണ പദ്ധതിയിൽ പരിഗണിക്കുന്ന തിനായുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ